**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *124** **06.03.2017 ൽ മറുപടിയ്ക്ക്**

## നാളികേര മേഖലയുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ**<br>**ശ്രീ.സി.കൃഷ്ണൻ**<br>**ശ്രീ.കാരാട്ട് റസാഖ്**<br>**ശ്രീ. എം. മുകേഷ്** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് നാളികേര കൃഷിയുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | എ) സംസ്ഥാനത്ത് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേര ഗ്രാമങ്ങൾ, പുതിയതായി തെരഞ്ഞെടുത്ത 59 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് നടപ്പിലാക്കുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 4,500 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിയ്ക്കായി നീക്കി വെച്ചിരിക്കുന്നത്. സമഗ്ര നാളികേര വികസനത്തിനായി ഉള്ള ഘടകങ്ങൾ എല്ലാംതന്നെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) കാലാവസ്ഥാ വ്യതിയാനം മൂലം തേങ്ങ ഉൽപ്പാദനത്തിൽ കുറവുണ്ടായതും ഉത്പാദനച്ചെലവ്, കൂലി എന്നിവ വർദ്ധിച്ചതു മൂലം തേങ്ങയ്ക്ക് ലഭിക്കുന്ന വില അപര്യാപ്തമായതും നാളികേര കർഷകരെ, പ്രതിസന്ധിയിലാക്കിയിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | ബി) നാളികേരത്തിന് ഇപ്പോൾ വിലയിടിവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല നാളികേരത്തിന് വിലയിടിവ് നേരിട്ട സമയത്ത് സംസ്ഥാന സർക്കാർ വിപണി ഇടപെടലിന്റെ ഭാഗമായി നാളികേര സംഭരണം നടത്തിയിട്ടുണ്ട്. |

| | |
|---|---|
| സി) വെളിച്ചെണ്ണയ്ക്ക് ഉപഭോക്താവ് നിലവിൽ ഉയർന്ന വില നൽകുമ്പോഴും നാളികേര കർഷകന് ന്യായമായ വില ലഭിയ്ക്കാതെ പോകുന്നതിന്റെ മറ്റ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | സി) വെളിച്ചെണ്ണ വിലയെ അടിസ്ഥാനമാക്കിയാണ് നാളികേരത്തിന്റെ വില സംസ്ഥാനത്ത് നിശ്ചയിക്കപ്പെടുന്നത്. നാളികേരത്തിന് ന്യായമായ വില ഇപ്പോൾ ലഭ്യമാകുന്നുണ്ട്. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുന്നതിലൂടെ മാത്രമേ ഉയർന്ന വില ഉറപ്പാക്കാനാകൂ. |
| ഡി) നാളികേരത്തിൽ നിന്ന് കൂടുതൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ; | ഡി) കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. നാളികേരം ഉൾപ്പെടെയുള്ള കാർഷിക ഉല്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനായി അഗ്രോ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദന വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ഒരു അന്താരാഷ്ട്ര ശില്പശാല വൈഗ-2016 എന്ന പേരിൽ തിരുവനന്തപുരത്ത് വെച്ച് 2016 ഡിസംബർ 1 - 5 വരെ നടത്തുകയുണ്ടായി. |
| (ഇ) കൃഷി ഭവനുകൾ മുഖേനയുള്ള നാളികേര സംഭരണം ഊർജ്ജിതമാക്കുന്നതിനോടൊപ്പം സഹകരണ സംഘങ്ങളെയും നാളികേര സംഭരണത്തിന് ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (ഇ) തിരഞ്ഞെടുത്ത കൃഷി ഭവനുകൾ മുഖേനയാണ് നാളികേര സംഭരണം ഇപ്പോൾ കേരഫെഡ് നടത്തുന്നത്. നാളികേര സംഭരണം കാര്യക്ഷമമാക്കുന്നതിനായി കർഷക സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളെ സംഭരണത്തിന് ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിച്ച് വരുന്നു. |

S. K.

**സെക്ഷൻ ഓഫീസർ**